# യഹോവയ്ക്കായി കാത്തിരിക്കുന്നവർ

## യെശയ്യാവ് 40:31

**"എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും."**

യഹോവയെ കാത്തിരിക്കുന്നവരെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ലൗകിക ജീവിതത്തിൽ നാം ഒരാൾക്കു വേണ്ടി കാത്തിരിക്കുന്നുണ്ടെങ്കിൽ അവരോട് അത്രയ്ക്കു സ്നേഹമുണ്ടായിരിക്കും. ഭർത്താവിനു വേണ്ടി കാത്തിരിക്കുന്ന ഭാര്യ, ഭാര്യയ്ക്കു വേണ്ടി കാത്തിരിക്കുന്ന ഭർത്താവ്, മക്കൾക്കു വേണ്ടി കാത്തിരിക്കുന്ന മാതാപിതാക്കൾ, മണവാളനുവേണ്ടി കാത്തിരിക്കുന്ന മണവാട്ടി, മണവാട്ടിക്കുവേണ്ടി കാത്തിരിക്കുന്ന മണവാളൻ ഇങ്ങനെ വ്യക്തികൾ തമ്മിലുള്ള കാത്തിരിപ്പിൽപ്പോലും ആ സ്നേഹം നമുക്കു കാണാം. ജീവിതത്തിലെ പ്രശ്നങ്ങളൊന്നും സ്നേഹത്തിനു കുറവുണ്ടാക്കുന്നില്ല. ഇതുപോലെ തന്നെയാണ് യഹോവയെ കാത്തിരിക്കുന്നവർക്കും ഉണ്ടായിരിക്കേണ്ടത്. നമ്മുടെ ജീവിതത്തിലെ ദുഃഖങ്ങളോ പ്രയാസങ്ങളോ ഒന്നും കർത്താവിനോടുള്ള സ്നേഹത്തിനു കുറവു വരുത്തരുത്. പൗലൂസിനെപ്പോലെ ഓരോ ദൈവപൈതലിനും പറയുവാൻ സാധിക്കണം. ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴിയുകയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു. (റോമർ 8:39)

കർത്താവിനായി കാത്തിരിക്കുന്നവർ അവനെ ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു, അവർ ശക്തിയെ പുതുക്കുന്നു. ഭൂമിയുടെ അറ്റത്തോളവും യേശുവിന്റെ സാക്ഷികളാകുന്നു.

യഹോവയ്ക്കായി കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. ശക്തി പുതുക്കിയാൽ ഉണ്ടാകുന്ന അനുഭവങ്ങളെക്കുറിച്ചാണ് കുറിവാക്യത്തിൽ പറയുന്നത്.

### (1) അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും.

താണ അവസ്ഥയിൽ നിന്നും ഉയർച്ചയിലേക്കുള്ള കയറ്റം. ശക്തി ലഭിക്കുമ്പോൾ അവസ്ഥയ്ക്ക് മാറ്റം വരും. ലൗകിക ജീവിതാനുഭവങ്ങൾ പലതും നമ്മെ താഴ്ത്തുവാൻ ശ്രമിക്കുമ്പോൾ തളരാതെ പരിശുദ്ധാത്മശക്തിയാൽ ജയം നേടണം. പ്രതികൂല കാറ്റുകൾ ജീവിതത്തിൽ വരുമ്പോൾ കഴുകനെപ്പോലെ അതിനു മുകളിൽ പറക്കുവാൻ ഓരോ ദൈവപൈതലിനും കഴിയണം. ദൈവത്തിനായി കാത്തിരിക്കുന്നവർ ശക്തിയെ

പുതുക്കുകയും അവരുടെ നേരെ അടിക്കുന്ന കാറ്റുകളെ അവർ ആത്മീക മുന്നേറ്റത്തിനുള്ള ഉപാധികളായി കണ്ട് അതിൽ ഉയർച്ച പ്രാപിക്കണം. ഉന്നതമായ ആത്മീക നിലവാരത്തിലേക്ക് ഉയർന്നു പറക്കുന്നതിന്റെ ഫലമായി കൊലോസ്സ്യ ലേഖനത്തിൽ പറയുന്നതുപോലെ ഉയരത്തിലുള്ളതു ചിന്തിക്കുവാൻ സാധിക്കണം. ഉയരത്തിൽ നിന്ന് ഭൂമിയിലുള്ള കാര്യങ്ങളെ ദർശിക്കുന്ന ഒരു വിശ്വാസിക്ക് താഴെയുള്ള കാര്യങ്ങൾ ഒന്നുമല്ലാത്തതെന്നും അർത്ഥമില്ലാത്തതെന്നും മനസ്സിലാക്കുവാൻ കഴിയും.

### (2) തളർന്നു പോകാതെ ഓടും

ക്രിസ്തീയ ജീവിതം ഓട്ടക്കളത്തിലെ ഓട്ടം പോലെയാണെന്ന് പൗലൂസ് ലേഖനങ്ങളിൽ പറഞ്ഞിട്ടുണ്ട്. (1കൊരി 9:24). ലക്ഷ്യത്തിൽ എത്തണമെങ്കിൽ തളർന്നു നിൽക്കരുത്, ശക്തിയോടെ ഓടണം. ഈ ശക്തി യഹോവയ്ക്കായി കാത്തിരിക്കുന്നവർക്കാണ് ലഭിക്കുന്നത്. 1 കൊരി 9:25 ൽ പറയുന്നതുപോലെ വാടാത്ത കിരീടം പ്രാപിക്കണമെന്ന ലക്ഷ്യം നമുക്കുണ്ടായിരിക്കണം. മുമ്പിലുള്ള ലക്ഷ്യത്തെപ്പറ്റി കാഴ്ച ലഭിക്കണമെങ്കിൽ യഹോവയ്ക്കായി കാത്തിരിക്കണം. ലക്ഷ്യം തെറ്റിക്കുവാൻ ശത്രു പല കാര്യങ്ങളും നമ്മുടെ മുമ്പിൽ കൊണ്ടുവരും. ജീവിതത്തിലെ പ്രതിസന്ധികളിൽ തളരാതെ കർത്താവിൽ ശരണപ്പെട്ട്, അവനിൽ ആശ്രയിച്ച് അവന്റെ ശക്തിയോടെ ശത്രുവിനെ ജയിക്കണം. അപ്പോൾ ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുവാൻ സാധിക്കും.

### (3) ക്ഷീണിച്ചു പോകാതെ നടക്കുവാൻ സാധിക്കുന്നു.

മരുഭൂപ്രയാണത്തിൽ യിസ്രായേൽ മക്കൾക്കു ക്ഷീണിച്ചു പോകാതെ നടക്കുവാനുള്ള ശക്തി ലഭിച്ചത് യഹോവ അവരെ നടത്തിയതുകൊണ്ടാണ്. നാല്പതു സംവത്സരം മരുഭൂമിയിൽ നടത്തിയെങ്കിലും അവർ ഉടുത്തിരുന്ന വസ്ത്രം ജീർണ്ണിച്ചില്ല, കാലിലെ ചെരുപ്പു പഴകിയില്ല, കാൽ വിങ്ങിയതുമില്ല. നമ്മുടെ ദൈനംദിന ജീവിതത്തിലും ക്ഷീണിക്കാതെ നടക്കണമെങ്കിൽ ദൈവത്തിന്റെ ശക്തി നമ്മിലുണ്ടായിരിക്കണം. യോശുവ 6 ൽ നാം വായിക്കുന്നുണ്ട് യെരീഹോ മതിൽ വീണതിനെക്കുറിച്ച്, യിസ്രായേൽ മക്കൾ 7 പ്രാവശ്യം പട്ടണം ചുറ്റി നടന്നു കഴിഞ്ഞപ്പോഴാണ് പട്ടണമതിൽ വീണത്. നമ്മുടെ അനുഗ്രഹത്തിനു തടസ്സമായി ഏതെങ്കിലും മതിൽ ഉണ്ടെങ്കിൽ യിസ്രായേൽമക്കൾ യഹോവയുടെ ശക്തിയോടെ പട്ടണമതിൽ വീഴിച്ചതുപോലെ നമുക്കും പരിശുദ്ധാത്മ ശക്തിയോടെ നമ്മുടെ മുമ്പിലുള്ള മതിലിനെയും വീഴിക്കാൻ സാധിക്കണം. ആ ശക്തി പുതുക്കണമെങ്കിൽ കർത്താവിനായ് കാത്തിരിക്കുന്നവരാകണം. അങ്ങനെയുള്ളവർ നമ്മെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യരായി വെളിച്ചത്തിൽ നടക്കുന്നവരാകണം. അവനെ അനുഗമിക്കേണ്ടതിന് അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു. (1 യോഹ.2:6)

'അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.'

യഹോവയ്ക്കായി കാത്തിരുന്നു ശക്തി പുതുക്കുന്നതിലൂടെ ആത്മീക ഉയർച്ച പ്രാപിക്കുവാനും, ലക്ഷ്യം തെറ്റാതെ ഓടുവാനും, ക്ഷീണിച്ചുപോകാതെ നടക്കുവാനും സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

**പരാമർശം:**

അപ്പൊ.പ്രവൃത്തി 1:8

എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു.

**സിസ്റ്റർ ലാലി സലിം ജേക്കബ് പുതുപ്പള്ളി 005**